## 351

കൃപയാൽ കൃപയാൽ കൃപയാൽ ഞാൻ ദൈവമകനായ്
അത്ഭുതമത്ഭുതമേ, അത്ഭുതമത്ഭുതമേ

1 ശാപം നിറയും ധരണിയിൽ നീച പാപിയായ് പിറന്ന ദ്രോഹി ഞാൻ
എന്നെയും സ്നേഹിക്കയോ തമ്പുരാൻ എന്നെയും സ്നേഹിക്കയോ!

2 കാണ്മീൻ നാം നിജസുതരായ് വരുവാൻ ദൈവം നൽകിയ സ്നേഹമേ
ഇത്ര മഹാ സ്നേഹം ധരയിൽ വേറെന്തിതുപോലെ-

3 അഴിയും ലോകജനങ്ങളിൽ സ്നേഹം പൊഴിയും പുല്ലിൻപൂക്കൾപോൽ
വാടാത്ത സ്നേഹം കുരിശിൽ കാണുന്ന സ്നേഹം!- **M.E.C.**